സെപ്റ്റംബർ 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ഭാരതത്തിന്റെ മികച്ച ശാസ്ത്രസാങ്കേതിക വിദ്യയുടെയും നേട്ടത്തിന്റെയും പ്രതീകമായി കുതിച്ചുയർന്നതായ ചന്ദ്രയാൻ 2 ഭൂമിയുടെ ഭ്രമണ പഥത്തിൽ നിന്ന് ചന്ദ്രന്റെ ഭ്രമണപഥത്തിലേക്ക് പ്രവേശിക്കുന്ന ദിനത്തിലാണ് ഈ കത്ത് എഴുതുന്നത്. ദൈവം തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച മനുഷ്യന്റെ ഇച്ഛാശക്തിയും ദർശനവും ദൈവം നൽകിയിരിക്കുന്ന നിസ്തുല്യമായ അനുഗ്രഹ ആശിസുകളത്രെ. നീളം, വീതി, ഉയരം എന്നീ ത്രിമാന മാധ്യമങ്ങളിലൂടെ മാത്രമേ ഭൂമിയിലുള്ള ഏതുവസ്തുവിനെയും മനുഷ്യന് ഉൾക്കൊള്ളാൻ കഴിയൂ. എന്നാൽ ഈ മാനങ്ങൾക്ക് അതീതമായ ഒരു മാനമാണ് ദൈവം മനുഷ്യനിൽ നിക്ഷേപിച്ചിട്ടുള്ള അനന്തമായ സാധ്യതകളുടെ മാനം. ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചതിനെക്കുറിച്ച് ഇപ്രകാരമാണ് ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് – “അനന്തരം ദൈവം നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക”. ഈ സാദൃശ്യത്തിലാണ് സൃഷ്ടിപരമായ കാര്യങ്ങൾ നിർവ്വഹിക്കുവാനുള്ള സർഗ്ഗാത്മകതയുടെ അനന്തമായ മാനങ്ങൾ ഉൾക്കൊണ്ടിരിക്കുന്നത്. പണ്ട് ബഹിരാകാശത്ത് പോയി മടങ്ങിവന്ന ഒരു റഷ്യൻ ബഹിരാകാശ യാത്രികനോട് ഒരാൾ ചോദിച്ചു –‘‘നിങ്ങളുടെ യാത്രയിൽ ദൈവത്തെ അവിടെയെങ്ങാനും കണ്ടുവോ?” അതിന് അദ്ദേഹം മറുപടി പറഞ്ഞത് “ഞാൻ അവിടെയെല്ലാം പരതി നോക്കിയെങ്കിലും കണ്ടില്ല” എന്നാണ്. എന്നാൽ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ അമേരിക്കൻ ബഹിരാകാശ യാത്രികർ തങ്ങൾ നോക്കിയ എല്ലായിടങ്ങളിലും, ചന്ദ്രനിൽ കാലുകുത്തി മുകളിലേക്ക് നോക്കിയപ്പോൾ കണ്ട ഭൂമി എന്ന നീല ഗോളത്തിലും ദൈവത്തിന്റെ മഹത്വം കണ്ടു എന്നാണ് അഭിപ്രായപ്പെട്ടത്. ജീവിതത്തിൽ ദൈവീക അവബോധത്തോടു കൂടി നാം ജീവിക്കുകയാണെങ്കിൽ ഭൂമിയിലായാലും ബഹിരാകാശത്തായാലും ദൈവത്തിന്റെ മഹത്വം ദർശിക്കാൻ കഴിയും. നമ്മുടെ ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ എല്ലാ നേട്ടങ്ങളും കുതിപ്പുകളും ദൈവം നമുക്ക് നൽകിയിരിക്കുന്ന ധാരാണാശക്തിയുടെ അനുഗ്രഹങ്ങളായി തിരിച്ചറിയുവാനും ദൈവസന്നിധിയിൽ വിനയപ്പെടുവാനും നിശ്ചയമായും നമുക്ക് കഴിയണം. നമ്മുടെ ചന്ദ്രയാൻ 2 പേടകം സെപ്റ്റംബർ 7–ാം തീയതി കൃത്യതയോടെ ചന്ദ്രനിലിറങ്ങുന്ന നിമിഷത്തിനായി നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം. ആ സുദിനം ആർഷ ഭാരത സംസ്കാരത്തിന്റെ അഭിമാനത്തിന്റെ മൂർത്തിമൽഭാവമായി തിരിച്ചറിഞ്ഞ് നമുക്ക് ദൈവത്തെ സ്തുതിക്കാം.

കഴിഞ്ഞവർഷം ആഗസ്റ്റ് മാസം പ്രളയം ഉണ്ടായ തീയതിയ്ക്കടുത്ത സമയത്താണ് ഈ വർഷം നമ്മുടെ വടക്കൻ കേരളത്തിൽ പേമാരി മൂലം സംഹാരതാണ്ഡവമുണ്ടായത്. ഹിമാലയത്തിൽ മുമ്പുണ്ടായ മേഘവിസ്ഫോടനം പോലെയും മഴ ഉളവായ വയനാട്ടിലും നിലമ്പൂരിലും കഴിഞ്ഞ സംവത്സരത്തേക്കാൾ ഭീതിജനകമായ അവസ്ഥയാണ് വന്നുഭവിച്ചത്. മലകൾ തന്നെയും ഇടിഞ്ഞുവീണു. അനേകം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ഇങ്ങനെയൊരു പ്രകൃതിക്ഷോഭവും മലയിടിച്ചിലും എന്തുകൊണ്ടുണ്ടായി എന്ന് നാം വിചിന്തനം ചെയ്യേണ്ടതായിട്ടുണ്ട്. അശാസ്ത്രീയമായ വനനശീകരണം മൂലവും അശാസ്ത്രീയമായ രീതിയിൽ മലകൾ മുറിച്ച് പാറമടകൾ സൃഷ്ടിക്കപ്പെടുന്നതുമൂലവും ആണ് ഇത്തരത്തിലുള്ള പ്രകൃതിദുരന്തങ്ങൾ ഓരോ വർഷവും ആവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന യാഥാർത്ഥ്യം നാം മറക്കരുത്. ഈ വർഷം ഭാരതത്തിന്റെ പല പ്രദേശങ്ങളിലും അതികഠിനമായ വിധത്തിൽ പ്രകൃതിക്ഷോഭങ്ങൾ ഉളവാകുകയും അനേകം പേരുടെ ജീവൻ പൊലിയുകയും ചെയ്തു. അതുകൊണ്ട് പരിസ്ഥിതി സംരക്ഷണം എന്നത് ഒരു ഭൗതിക പ്രശ്നമായി മാത്രം കാണാതെ അതിനെ ഒരാത്മീയ വിഷയമായി കൂടി പരിഗണിച്ച് ഗൗരവപൂർവ്വം പരിസ്ഥിതി സംരക്ഷണ കാര്യത്തിൽ നാം എല്ലാവരും ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്. ദൈവം മനുഷ്യനെ ഏദൻ തോട്ടത്തിൽ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിന്റെ ചുമതല ഏൽപ്പിക്കുമ്പോൾ ഈ പ്രകൃതിയെ സംവിധാനം ചെയ്ത് മനോഹരമായി കാത്തുസൂക്ഷിക്കുവാനാണ് ആവശ്യപ്പെട്ടത്. ഇന്നും ഈ ഉത്തരവാദിത്വം ദൈവം നമ്മെ ഭരമേല്പിക്കുകയാണ്. നാം അതിൽ വീഴ്ച വരുത്തിയാൽ പ്രകൃതി നമ്മെ പാഠം പഠിപ്പിക്കുകതന്നെ ചെയ്യും.

കഴിഞ്ഞ വർഷം പ്രളയം ഉണ്ടായപ്പോൾ തകർന്നുപോയ ജീവിതസാഹചര്യങ്ങളിൽപ്പെട്ടവരെ കരകയറ്റുന്നതിനായി സഭ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. സഹായം അപേക്ഷിച്ചുകൊണ്ടുള്ള അനേകം അപേക്ഷകൾ ലഭിച്ചതിൽ നിന്ന് ഏറ്റവും അർഹരെന്നു കണ്ടവരുടെ അപേക്ഷകൾ പരിഗണിച്ച് പുനർനിർമ്മാണ പ്രവർത്തനങ്ങൾ സഭയായി നിർവ്വഹിക്കുകയുണ്ടായി. ഏഴരകോടി രൂപ ചെലവു ചെയ്ത് 102 വീടുകൾ പുതിയതായി നിർമ്മിക്കുവാൻ ക്രമീകരണം ചെയ്യുകയുണ്ടായി. ഒരുലക്ഷം മുതൽ മൂന്നുലക്ഷം രൂപാ വരെ ചെലവഴിച്ച്, കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുവാൻ വേണ്ടി രണ്ടര കോടി രൂപ നീക്കിവെച്ച്, അമ്പതോളം ഭവനങ്ങളുടെ കേടുപാടുകൾ നീക്കുവാനും ക്രമീകരണം ചെയ്തിട്ടുണ്ട്. സഭാ പ്രതിനിധി മണ്ഡല റിപ്പോർട്ടിന്റെ കവർപേജിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഫോട്ടോ നൽകിയിട്ടുള്ളത് ശ്രദ്ധിക്കുന്നത് നന്നായിരിക്കും. പ്രളയദുരന്തം കൂടുതലായി അനുഭവിച്ച നിലമ്പൂർ, വയനാട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ പ്രകൃതിക്ഷോഭം വരുത്തിയ ദുരന്തങ്ങൾ വളരെ ഗുരുതരമായിരുന്നു. ആ മേഖലയിൽ ധാരാളം ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ നമ്മുടെ ഇടവകകളും പ്രസ്ഥാനങ്ങളും മുന്നിട്ടിറങ്ങി എന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. ഈ വർഷം പ്രളയദുരിതാശ്വാസത്തിനായി ഒരു പൊതുഫണ്ട് ശേഖരിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല. എന്നാൽ 10 ലക്ഷം രൂപാ വീതം നൽകുവാൻ സുമനസ്സുകൾ തയ്യാറായാൽ സഭയുടെ നേതൃത്വത്തിൽ വീടുകൾ വെച്ചു നൽകുവാനുള്ള ക്രമീകരണമാണ് സഭയായി ഉദ്ദേശിക്കുന്നത്. 20 വീടെങ്കിലും ആ മേഖലയിൽ നിർമ്മിച്ചു നൽകുവാൻ സഭയായി താല്പര്യപ്പെടുകയാണ്. ഇക്കാര്യത്തിൽ എല്ലാ സുമനസ്സുകളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ പ്രളയകാലത്ത് കേരളം പല പുതിയ നല്ല പാഠങ്ങളും ലോകസമക്ഷം കാഴ്ചവെക്കുകയുണ്ടായി. പണ്ട് മാവേലി നാടു വാണിരുന്ന കാലത്തെ അനുസ്മരിച്ചുകൊണ്ട് ഓണക്കാലത്ത് നാം പാടുന്നത് “മാവേലി നാടു വാണിടും കാലം മാനുഷരെല്ലാരും ഒന്നുപോലെ” എന്നാണല്ലോ. ഈ വാക്കുകൾ മാനുഷരെല്ലാരും ഒന്നുപോലെ എന്ന വലിയ സാമൂഹ്യ ദർശനമാണ് മുമ്പോട്ടു വെക്കുന്നതെങ്കിൽ പ്രളയകാലത്ത് ജാതിയും മതവും വർഗ്ഗവും വർണ്ണവും മറന്ന് എല്ലാവരും ഒന്നുപോലെ ക്യാമ്പുകളിൽ താമസിച്ച് ജീവിച്ച് ഓണത്തിന്റെ ഒരുമയുടെ ചൈതന്യം പുലർത്തുന്നത് നാം കാണുകയുണ്ടായി. എന്നാൽ പ്രളയകാലം കഴിഞ്ഞപ്പോഴേക്കും പിന്നെയും പഴയതിനെക്കാൾ വഷളായവിധത്തിൽ വിഭാഗീയതകൾ വർദ്ധിച്ചുവരുന്ന കാഴ്ചയും നാം കണ്ടു. ‘തത്ത്വമസി’ എന്ന മഹാവാക്യത്തെ ആപ്ത

വാക്യമായി സ്വീകരിച്ച് ജാതിവ്യത്യാസങ്ങൾക്കതീതമായി നിലകൊണ്ടിരുന്ന ശബരിമലയുടെ പേരിൽ പൊട്ടിപ്പുറപ്പെട്ട വിഭാഗീയ പ്രവണതകൾ കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തെതന്നെ സംഘർഷഭരിതമാക്കുകയുണ്ടായി. പ്രളയകാലത്ത് രൂപപ്പെട്ട ഒരുമയുടെ മുദ്രാവാക്യങ്ങൾ അപ്രത്യക്ഷമാകുന്നതും വിദ്വേഷത്തിന്റെ വെല്ലുവിളികൾ പ്രത്യക്ഷപ്പെടുന്നതും നാം അന്നു കണ്ടു. മനുഷ്യൻ ഇനിയും പാഠങ്ങൾ പഠിക്കുന്നില്ല എന്നതിന്റെ തെളിവാണ് ഈ വിഭാഗീയതയുടെ അരങ്ങേറ്റത്തിലൂടെ പ്രകടമാകുന്നത്. വൃശ്ചികം ഒന്നു മുതൽ മാലയിട്ട് മണ്ഡലവ്രതമെടുത്ത് ഓരോ വ്യക്തിയും സ്വന്തം പേരുപോലും ഉപയോഗിക്കാതെ അയ്യപ്പൻ എന്ന് സംബോധന ചെയ്യുകയും തിരികെ സ്വാമി എന്ന സംബോധന കേൾക്കുകയും ചെയ്യുന്ന ആ മാതൃക ആത്മീയതയിലൂടെ രൂപംകൊള്ളുന്ന യഥാർത്ഥ ഒരുമയുടെ ഒരു അടയാളംതന്നെയാണ്. എല്ലാവരിലും കൂടികൊള്ളുന്ന ഈശ്വരാംശത്തെ ആദരിച്ചുകൊണ്ട് പരസ്പരം അംഗീകരിച്ചും ആദരിച്ചും നാം പോകുമ്പോൾ ഒരുമയുടെ നല്ല മാതൃക സൃഷ്ടിക്കുവാൻ നമുക്കെല്ലാവർക്കും സാധിക്കും എന്ന് ഓർമ്മിപ്പിക്കട്ടെ.

ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമങ്ങളുടെ കൊടുംക്രൂരതകളെക്കുറിച്ചുള്ള വാർത്തകൾ കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിനു തന്നെ സൃഷ്ടിച്ചിരിക്കുന്ന മുറിവുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ കത്തെഴുതുന്ന ദിവസം കായംകുളത്തു നടന്ന ഒരു സംഭവം മനുഷ്യനിൽ കുടികൊള്ളുന്ന ക്രൂരമായ ഭാവങ്ങളുടെ വെളിപ്പെടുത്തലാണ് എന്ന് പറയാതിരിക്കാൻ കഴിയില്ല. ഒരു മദ്യശാലയിൽ രൂപപ്പെട്ടുവന്ന തർക്കം, മനുഷ്യത്വരഹിതമായ രീതികളിലേക്ക് രൂപപ്പെട്ടുവന്നത് അതിക്രൂരമായ വിധത്തിലാണ്. മദ്യശാലയിൽ നിന്നും ഹൈവേയിലേക്ക് ഇറങ്ങിവന്ന് കാറിൽ കയറിയ ചിലർ മറ്റൊരു സുഹൃത്തിനെ ഇടിച്ചുവീഴ്ത്തുകയും തുടർന്ന് കാർ പുറകോട്ടെടുത്ത് ആ ശരീരത്തിലൂടെ കയറ്റിയിറക്കി ആ വ്യക്തിയെ കൊലപ്പെടുത്തുകയും ചെയ്ത സംഭവം എത്രയോ വേദനാജനകമാണ്. കഴിഞ്ഞ സർക്കാർ ചങ്ങലയിട്ട് നിർത്തിയ മദ്യത്തിന്റെ ലഭ്യത പുതിയ സർക്കാർ വന്നപ്പോൾ നയം മാറ്റത്തിലൂടെ മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്ന സ്ഥിതിയുണ്ടായി. അതിന്റെ പ്രതികരണം അതിക്രൂരമായ വിധത്തിൽ കേരളത്തിന്റെ പല മേഖലകളിലും പ്രകടമായിക്കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ മന്ദിരമായ ശരീരം തകർക്കുന്ന വിധത്തിൽ മദ്യത്തിന്റെ ലഭ്യത കൂട്ടിയും അതിലൂടെ സർക്കാരിന്റെ വരുമാനം കൂട്ടിയും മദ്യത്തിൽ നിന്നു ലഭിക്കുന്ന നികുതിയുടെ വരവ് കൂട്ടിയും അതേസമയം മദ്യം കഴിച്ച് രോഗികളാകുമ്പോൾ അവരെ സഹായിക്കുവാൻ പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്യുന്ന പരസ്പരവിരുദ്ധമായ നിലപാടുകളുടെ വൈരുദ്ധ്യം തന്നെയാണ് വ്യക്തമാക്കിത്തരുന്നത് എന്ന് സൂചിപ്പിക്കട്ടെ.

നിരണം-മാരാമൺ ഭദ്രാസന അസംബ്ലി ആഗസ്റ്റ് 3-ാം തീയതിയും കോട്ടയം-കൊച്ചി ഭദ്രാസന അസംബ്ലി ഓഗസ്റ്റ് 20-ാം തീയതിയും അനുഗൃഹീതമായ രീതിയിൽ നടന്നു. ഗൾഫ് യൂത്ത് കോൺഫ്രൻസ് റാന്നി-നിലയ്ക്കൽ ഭദ്രാസനത്തോട് ബന്ധപ്പെട്ടിരിക്കുന്ന അബുദാബി മാർത്തോമ്മാ ഇടവകയുടെ ആഭിമുഖ്യത്തിൽ അബുദാബിയിൽ വെച്ച് നടത്തപ്പെട്ടു. തൊള്ളായിരത്തോളം യുവജനസഖ്യാംഗങ്ങളും സീനിയർ ഫ്രണ്ട്സും ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഈ സമ്മേളനം ആദിയോടന്തം അതീവഹൃദ്യമായി നടത്തപ്പെട്ട ഒരു സമ്മേളനം തന്നെയായിരുന്നു. റവ. ഡോ. മോത്തി വർക്കി മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ശ്രീ. ജോസഫ് അന്നംകുട്ടി ജോസ് മോട്ടിവേഷൻ ക്ലാസ്സിനും പ്രമുഖ സാമൂഹ്യ പ്രവർത്തക പത്മശ്രീ ഡോ. സുനിതാ കൃഷ്ണൻ സാമൂഹ്യബോധവൽക്കരണ ക്ലാസ്സിനും നേതൃത്വം നൽകി. ഗൾഫിലെ ഈ സമ്മേളനത്തിനു ശേഷം, ആസ്ട്രേലിയായിലെ പെർത്തിൽ നമ്മുടെ ഇടവകജനങ്ങൾ വാങ്ങിച്ചു രൂപപ്പെടുത്തിയ നാലര ഏക്കർ സ്ഥലത്തെ കെട്ടിടങ്ങളുടെ കൂദാശ ആഗസ്റ്റ് 17-ാം തീയതി ശനിയാഴ്ച നിർവ്വഹിച്ചു. 800 പേർക്ക് ഇരിക്കാവുന്ന വിശാലമായ ഹാൾ ഉൾപ്പെടുന്ന കെട്ടിടസമുച്ചയമാണിത്. ആഗസ്റ്റ് 16-ാം തീയതി ആസ്ട്രേലിയ-ന്യൂസിലന്റ് സോണൽ അസംബ്ലിയ്ക്കും സോണൽ ക്ലർജി കോൺഫ്രൻസിനും നേതൃത്വം നൽകി. പഴവങ്ങാടിക്കര മാർത്തോമ്മാ പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എസ്.സി. ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി ആഘോഷ പരിപാടികൾ ആഗസ്റ്റ് 19-ാം തീയതി സമാദരണീയനായ കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവ്വഹിച്ചു. കാലം ചെയ്ത മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ വാത്സല്യത്തിൽ വളർന്നുവന്ന് രണ്ട് സ്ഥാപനങ്ങളാണ് എസ്.സി. ഹയർ സെക്കന്ററി സ്കൂളും പത്തനംതിട്ട മാർത്തോമ്മാ സ്കൂളും എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

നമ്മുടെ സഭാംഗവും പ്രമുഖ ചലച്ചിത്ര സംവിധായകനുമായ ശ്രീ. ബ്ലെസി സംവിധാനം ചെയ്ത, 48 മണിക്കൂർ ദൈർഘ്യമുള്ള '100 ഇയേഴ്സ് ഓഫ് മാർ ക്രിസോസ്റ്റം' എന്ന ഡോക്യുമെന്ററി, ലോകപ്രശസ്തമായ ഗിന്നസ് ബുക്കിൽ പേരു ചേർക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള പ്രശംസാപത്രം ശ്രീ. ബ്ലെസ്സിക്ക് സമ്മാനിക്കുകയും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരെയും കലാസാംസ്കാരിക മേഖലകളിൽ ഉന്നത സ്ഥാനീയരായവരെയും ആദരിക്കുകയും ചെയ്യുന്ന ഒരു മഹാസമ്മേളനം ആഗസ്റ്റ് 19-ാം തീയതി തിരുവല്ല എസ്.സി.എസ്. ഗ്രൗണ്ടിൽ വച്ചു നടന്നത് ഒരു മഹത്തായ ചരിത്ര സംഭവം തന്നെയായിരുന്നു. സഭാ മേലദ്ധ്യക്ഷന്മാർ, കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ, ശ്രീ. മോഹൻലാൽ, ശ്രീമതി കെ.എസ്. ചിത്ര, ശ്രീ. എം.ജയചന്ദ്രൻ, ശ്രീ. മട്ടന്നൂർ ശങ്കരൻകുട്ടി, ശ്രീ. സ്റ്റീഫൻ ദേവസ്യാ, ജനപ്രതിനിധികൾ എന്നിവരുൾപ്പെടെ ജനസഹസ്രങ്ങൾ പങ്കെടുത്ത ആ സമ്മേളനത്തിന്റെ മുഖ്യശ്രദ്ധാകേന്ദ്രം നമ്മുടെയെല്ലാം അഭിമാനമായ പത്മഭൂഷൺ അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായായിരുന്നു. ആശുപത്രിയിൽനിന്നു സമ്മേളന നഗരിയുടെ വേദിയിൽ വീൽച്ചെയറിലെത്തിയ തിരുമേനി ആ വേദിയിലിരുന്ന് ജനങ്ങളെ ആശീർവദിച്ചത് അതീവഹൃദ്യമായ ഒരു അനുഭവമായിരുന്നു. എന്നാൽ ഈ സമ്മേളനം നടക്കുന്നതിനു ചില ദിവസങ്ങൾക്കുമുമ്പ്, ക്രിസോസ്റ്റം തിരുമേനി അത്യാസന്ന നിലയിലാണെന്നും എല്ലാവരും പ്രാർത്ഥിക്കണമെന്നും പറഞ്ഞ് സാമൂഹ്യ മാധ്യമങ്ങളിലൂടെ ചിലർ നടത്തിയ പ്രചാരണം ഈ സമ്മേളനം അലങ്കോലപ്പെടുത്തുന്നതിനുവേണ്ടിയായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. നാം അബുദാബിയിൽ വെച്ചു നടന്ന ഗൾഫ് യൂത്ത് കോൺഫ്രൻസിൽ പങ്കെടുക്കുമ്പോഴാണ് ഇങ്ങനെ ഒരു പ്രചരണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടത്. അപ്പോൾത്തന്നെ സഭാസെക്രട്ടറി റവ. കെ.ജി. ജോസഫ് അച്ചനെ വിളിച്ച് തിരുമേനിയുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള സത്യാവസ്ഥ അന്വേഷിക്കുകയുണ്ടായി. പ്രചരിച്ചുകൊണ്ടിരിക്കുന്നതുപോലെയുള്ള ആരോഗ്യപ്രശ്നങ്ങളൊന്നും തിരുമേനിക്കില്ലെന്നും തിരുമേനിക്ക് സഭാ പ്രതിനിധിമണ്ഡലയോഗത്തിന്റെ നോട്ടീസും വാർഷിക റിപ്പോർട്ടും താൻ കൊടുത്തത് തിരുമേനി ഇപ്പോൾ നോക്കിക്കൊണ്ടിരിക്കുന്നു എന്നുമാണ് അപ്പോൾ ആശുപത്രിയിൽ ഉണ്ടായിരുന്ന സഭാസെക്രട്ടറി റിപ്പോർട്ട് നൽകിയത്. ഈ യാഥാർത്ഥ്യം സഭയുടെ വെബ്സൈറ്റിലൂടെ സഭാസെക്രട്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രായത്തിന്റേതായ ക്ഷീണം സ്വാഭാവികമായും ഉണ്ടെങ്കിലും തിരുമേനി ഇന്നും മനസുകൊണ്ട് ഉന്മേഷവാനാണ് എന്ന കാര്യം സഭാജനങ്ങളെ അറിയിക്കട്ടെ. തിരുവല്ലായിലെ പരിപാടിയിൽ പങ്കെടുത്ത തിരുമേനിയുടെ മഹനീയ സാന്നിധ്യം തന്നെയും ദുഷ്പ്രചരണങ്ങൾക്കുള്ള സമുചിതമായ ഒരു മറുപടി കൂടിയായിരുന്നു എന്ന് ഓർമ്മിപ്പിക്കട്ടെ. തിരുമേനി വേദിയിലെത്തിയപ്പോൾ ഹർഷാരവം മുഴക്കിയാണ് അവിടെ കൂടിയ ജനസഹസ്രങ്ങൾ തിരുമേനിയെ വരവേറ്റത്. തന്നെ ഇന്നുവരെയും കാത്തുപരിപാലിച്ച വലിയവനായ ദൈവത്തിനുള്ള സ്തോത്രാർപ്പണമായിട്ടാണ് ജീവിതത്തിലെ ഓരോ നിമിഷത്തെയും തിരുമേനി ഇന്നും വീക്ഷിക്കുന്നത്. തിരുമേനിയെ ശക്തീകരിക്കുന്ന ദൈവകൃപയ്ക്ക് സ്തോത്രം. വർഷങ്ങൾക്കുമുമ്പ് ഗിന്നസ് ബുക്കിൽ ഇടം നേടിയ നമ്മുടെ മറ്റൊരു സഭാംഗമായിരുന്ന കൊട്ടറ അച്ചൻ എന്ന പേരിൽ പ്രസിദ്ധനായിരുന്ന റവ.കെ.എം. ജേക്കബ് അച്ചൻ 13-ാം

വയസിൽ തീത്തൂസ് ഒന്നാമൻ തിരുമേനിയിൽനിന്നും പൂയപ്പള്ളി മാർത്തോമ്മാ ഇടവകയ്ക്കുവേണ്ടി ശെമ്മാശനായി പട്ടം കെട്ടപ്പെട്ടു. അച്ചൻ 103-ാം വയസിൽ മരിക്കുന്നതുവരെയും 93 വർഷക്കാലം ആ ഇടവകയുടെ വികാരിയായിരുന്നതിനാണ്, ഏറ്റവും ദീർഘമായ കാലഘട്ടം ഒരു പള്ളിയിൽത്തന്നെ വികാരിയായി സേവനമനുഷ്ഠിച്ചതിനുള്ള ബഹുമതിയായി ഗിന്നസ് ബുക്കിൽ പേർ ചേർക്കപ്പെട്ടത് എന്ന വസ്തുത ഓർമ്മിപ്പിക്കട്ടെ. നമ്മുടെ സഭാംഗങ്ങളായ രണ്ടുപേർക്ക് ഇങ്ങനെ രണ്ടു നിലകളിൽ ഗിന്നസ് ബുക്കിൽ ഇടം കണ്ടെത്തുവാൻ ഇടയാക്കിയ ദൈവത്തെ സ്തുതിക്കുന്നു.

ഈ മാസം 30ന് മസ്കറ്റിൽ, സഭ ഗൾഫിൽ ആദ്യമായി നിർമ്മിച്ച പാഴ്സനേജും സംവിധാനങ്ങളും പുനർനിർമ്മിക്കുന്നതിന്റെ അടിസ്ഥാന ശിലാസ്ഥാപനം നിർവ്വഹിക്കുന്നതാണ്. 25-ാം തീയതി ഹൈറേഞ്ച് മേഖലയിലുള്ള കൊച്ചറ ഇടവക സന്ദർശിക്കുകയും ഇടവകദിന പരിപാടികളിൽ പങ്കെടുക്കുകയും തിരികെ വരുന്ന വഴി ഒട്ടകത്തലമേട്ടിൽ കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ തേക്കടി മാർത്തോമ്മാ മെഡോസ് എന്ന സെന്ററിന്റെ ഒന്നാം നിലയുടെ കൂദാശകർമ്മം നിർവ്വഹിക്കുന്നതുമാണ്. സെപ്റ്റംബർ 2-ാം തീയതി ആംഗ്ലിക്കൻ സഭയുടെ പരമാദ്ധ്യക്ഷനായ കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ്. റവ.ഡോ. ജസ്റ്റിൻ വെൽബിയെ കോട്ടയം യെരുശലേം മാർത്തോമ്മാ ഇടവകയുടെ പാരീഷ് ഹാളിൽവച്ച് മാർത്തോമ്മാ സഭ ആതിഥ്യം നൽകി സ്വീകരിക്കുന്നതാണ്.

നമ്മുടെ മണ്ഡലയോഗങ്ങൾ അനുഗ്രഹപ്രദമായി നടത്തപ്പെടുന്നതിന് എല്ലാവരുടെയും ഹൃദയപൂർവ്വമായ പ്രാർത്ഥനയും ആത്മനിയന്ത്രണത്തോടുകൂടിയുള്ള സഹകരണവും ഉണ്ടാകണമെന്ന് അറിയിക്കട്ടെ. സഭയുടെ ഭാവി കർത്താവിന്റെ കരങ്ങളിൽ സുരക്ഷിതമാണ്. യേശു പറഞ്ഞു-“നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ എന്നിലും വിശ്വസിപ്പിൻ” (യോഹ. 14:1). “ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്” (മത്തായി 28:20). നമ്മളോടുകൂടെയുള്ള നമ്മുടെ കർത്താവ് ഏതു കാറ്റിലും കോളിലും നമ്മുടെ സഭയെ ദൈവത്തിന്റെ ഉദ്ദേശ്യങ്ങളിലേക്ക് നയിക്കും.

മുൻകേന്ദ്രമന്ത്രി ശ്രീമതി സുഷമാ സ്വരാജ് അന്തരിച്ചു. മാർത്തോമ്മാ സഭയെ സ്നേഹിക്കുകയും ആദരിക്കുകയും ആവശ്യഘട്ടങ്ങളിലെല്ലാം സഹായസഹകരണങ്ങൾ നൽകി വേണ്ട പിന്തുണ നൽകുകയും ചെയ്ത ശ്രീമതി സുഷമാ സ്വരാജിന്റെ വേർപാടിലുള്ള അനുശോചനം അറിയിക്കുന്നു.

നമ്മുടെ തിരുവല്ലാ സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഈ വർഷത്തെ പത്തനംതിട്ട റവന്യു ജില്ലാ റ്റി.റ്റി.ഐ. കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. തുടർച്ചയായി നാലാം വർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ റ്റി.റ്റി.ഐ.യെയും അദ്ധ്യാപക വിദ്യാർത്ഥികളെയും പ്രോത്സാഹനം നൽകിയ അദ്ധ്യാപകരെയും സഭയുടെ അഭിനന്ദനം അറിയിക്കുന്നു.

സെപ്റ്റംബർ മാസത്തിലെ സഭയുടെ ധ്യാനങ്ങൾ ആരംഭിക്കുന്നത് വിദ്യാഭ്യാസദിന ചിന്തകളോടുകൂടിയാണ്. സെപ്റ്റംബർ 1 ഞായർ വിദ്യാഭ്യാസദിനമാണ്. നമ്മുടെ രാഷ്ട്രപതിയായിരുന്ന ഡോ.എസ്. രാധാകൃഷ്ണന്റെ ജന്മദിനം സെപ്റ്റംബർ 5ന് രാഷ്ട്രം അദ്ധ്യാപക ദിനമായും ആചരിക്കുന്നു. വിദ്യാഭ്യാസദിനത്തിലെ പ്രധാന ധ്യാനവിഷയം ‘ദൈവീക പരിജ്ഞാനത്തിൽ നിറയപ്പെടേണ്ട ഗുരുക്കന്മാർ’ എന്നതാണ്. പണ്ട്, വൈദിക പാഠശാലകളിലെ ഗുരുക്കന്മാരെ മല്പാന്മാർ എന്നാണ് വിളിച്ചിരുന്നത്. ദൈവത്തോടും സഭയോടും പ്രതിബദ്ധതയുള്ളവരായി വിശുദ്ധമായ ദൈവവചനത്തിന്റെ പൊരുൾ തിരിച്ചുതരുന്ന മല്പാന്മാർ പ്രകാശം പരത്തുന്ന ശ്രേഷ്ഠരായ പട്ടക്കാരായിരുന്നു. യഥാർത്ഥ ഗുരുക്കന്മാർ ഇങ്ങനെ ദൈവീക പരിജ്ഞാനത്തിൽ നിറയപ്പെട്ട് പ്രകാശം പരത്തുന്നവരായിരിക്കണം. എന്നാൽ ദൈവീക പരിജ്ഞാനത്തിൽ നിറയപ്പെട്ട് പ്രകാശം പരത്തേണ്ട മഹത്തായ വിദ്യാഭ്യാസ പ്രക്രിയയിൽ ഇന്നത്തെ ഗുരുക്കന്മാർ ഏതവസ്ഥയിലാണ് എന്ന് ആത്മപരിശോധന നടത്തേണ്ട കാലഘട്ടമാണ് ഇത്. സെപ്റ്റംബർ 8 ഞായർ സേവികാസംഘദിനമായി സഭ ആചരിക്കുന്നു. മാർത്തോമ്മാ സുവിശേഷ സേവികാസംഘം രൂപീകൃതമായിട്ട് നൂറു ധന്യമായ സംവത്സരങ്ങൾ പിന്നിട്ടിരിക്കുകയാണ്. നവീകരണമുന്നേറ്റത്തിന്റെ ഭാഗമായി സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ആരംഭിച്ച സേവികാസംഘത്തിന് ആദ്യനാളുകളിൽ നേതൃത്വം നൽകുവാൻ അഭിവന്ദ്യ തീത്തൂസ് ദ്വിതീയൻ തിരുമേനി, മിഷനറിയായി ഇന്ത്യയിലെത്തിയ കെല്ലവേ മദാമ്മയെ ആംഗ്ലിക്കൻ സഭയിൽനിന്നും പ്രത്യേകം അനുവാദം വാങ്ങി ഡപ്യൂട്ടേഷനിൽ ക്ഷണിച്ചു വരുത്തിയതു മൂലമാണ് 40 വർഷക്കാലം ആ മഹതിയുടെ സേവനവും നേതൃത്വവും സേവികാസംഘത്തിന് ലഭ്യമായത് എന്ന യാഥാർത്ഥ്യം നാം പ്രത്യേകം ഓർക്കണം. സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്കായി പ്രത്യേകം സ്കൂളുകൾ തുടങ്ങിയതും സ്ത്രീ ശാക്തീകരണത്തിലൂന്നിയ സഭയുടെ നവീകരണദർശനത്തിന്റെ ദൃഷ്ടാന്തമത്രെ. സെപ്റ്റംബർ 15 ഞായർ വയോജന ദിനമാണ്. ആദരിക്കപ്പെടേണ്ട ശ്രേഷ്ഠതലമുറ എന്നതാണ് ചിന്താവിഷയം. ‘നീ അപ്പനെ കട്ടിലിൽ നിന്നു വലിച്ചു താഴെയിട്ടാൽ നിന്റെ മക്കൾ നിന്നെ നാൽക്കവല വരെ വലിച്ചുകൊണ്ടുപോകും.’ എന്നൊരു പഴമൊഴിയുണ്ട്. അതൊരു യാഥാർത്ഥ്യം തന്നെയാണെന്നോർക്കണം. മോശെയിലൂടെ ദൈവം നടത്തിയ പത്ത് കൽപനകളിൽ ധന്യമായ ദീർഘായുസിനായി ദൈവം നൽകിയ ഏകകൽപന അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നതാണെന്നോർക്കുക. സെപ്റ്റംബർ 21 ശനിയാഴ്ച വിശുദ്ധ മത്തായി ശ്ലീഹാനാൾ ആണ്. സെപ്റ്റംബർ 22 ഞായറാഴ്ച ‘കുമ്പസാരം പാപക്ഷമയുടെ കൂദാശ’ എന്നതാണ് ധ്യാനചിന്ത. യേശുവിന്റെ ശിഷ്യനായി ചുങ്കക്കാരനായ മത്തായിയെ യേശു സ്വീകരിച്ചതിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടുകൂടിയാണ് സക്കായി യേശുവിനെ കാണുവാൻ പുറപ്പെടുന്നത്. സക്കായി യേശുവിനെ ഭവനത്തിൽ സ്വീകരിച്ച് സ്വയം തിരുത്തലുകൾക്ക് വിധേയനാകുവാനുള്ള തന്റെ തീരുമാനം ഒരു കുമ്പസാരമായി പ്രഖ്യാപിക്കുമ്പോൾ യേശു പറയുന്നത് സക്കായിക്ക് രക്ഷ വന്നു എന്നല്ല ഇവനും അബ്രഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നു എന്നാണ്. കുമ്പസാരവും മാനസാന്തരവും രക്ഷയും വ്യക്തിപരമായ ഒരു കാര്യം മാത്രമല്ല, അതൊരു വീടിന്റെയും സമൂഹത്തിന്റെയും രൂപാന്തരം കൂടിയാണ്. സെപ്റ്റംബർ 27 വെള്ളി ദക്ഷിണേന്ത്യാ സഭയുടെ സ്ഥാപക ദിനമാണ്. ശുശ്രൂഷയിലെ ഐക്യത്തെക്കുറിച്ചാണ് അന്ന് നാം ചിന്തിക്കുന്നത്. ദക്ഷിണേന്ത്യാ സഭയും നമ്മുടെ സഭയും തമ്മിലുള്ള ഐക്യം ഇന്ന് കൂട്ടായ്മയിലും ഒരുമിച്ചുള്ള സാക്ഷ്യത്തിലും വളർന്നുകൊണ്ടിരിക്കുകയാണ്. സെപ്റ്റംബർ 29 ഞായറാഴ്ച ‘തൈലാഭിഷേകം സൗഖ്യദായക കൂദാശ’ എന്ന വിഷയത്തെക്കുറിച്ചാണ് ചിന്തിക്കുന്നത്. രോഗികൾക്കു നൽകുന്ന തൈലാഭിഷേകത്തെ പലരും അന്ത്യകൂദാശയായി തെറ്റിദ്ധരിക്കുന്നുണ്ട്. തൈലാഭിഷേകത്തെ സൗഖ്യദായക കൂദാശയായിട്ടാണ് നമ്മുടെ സഭ കാണുന്നത് എന്ന വസ്തുത പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

“എന്നാൽ വിശ്വാസത്തോടു കൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോടു ക്ഷമിക്കും” (യാക്കോബ് 5:15). കൃപയുടെ സൗഖ്യം ശരീരത്തിലും മനസിലും ആത്മാവിലും ഉള്ളവരായി സാക്ഷ്യത്തിൽ വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ,
21-08-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**